8. റെസ്ലിംഗ്
9. സ്വിമ്മിംഗ്
10. വാട്ടർപോളോ
11. വോളിബോൾ
12. ബാസ്ക്കറ്റ് ബോൾ
13. ബോ-ബോ
14. കായാക്കിംഗ്
15. കനോയിംഗ്
16. റോഡിംഗ്
17. ഫെൻസിംഗ്
18. ഷട്ടിൽ ബാഡ്മിന്റൺ
19. ടേബിൾ ടെന്നീസ്
20. ഹോക്കി
21. സൈക്കിൾ പോളോ.

(ഡി) ഇല്ല. സംസ്ഥാനത്തിന് വേണ്ടി മികച്ച നേട്ടങ്ങൾ കൈവരിച്ച കായിക ഇനങ്ങളെ മാത്രമാണ് 25-11-1998-ലെ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയത്.

(ഇ) കായിക രംഗത്ത് സംസ്ഥാനത്ത് കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പരിശോധിച്ച് മാത്രമേ ഏതൊക്കെ ഇനങ്ങളിലുള്ള കായിക താരങ്ങൾക്ക് സംസ്ഥാന സർവ്വീസിൽ നിയമനം നൽകണം എന്ന കാര്യം തീരുമാനിക്കാനാകൂ.

ബി.പി.എഡ്., എം. പി. എഡ്. ബിരുദധാരികളുടെ നിയമനം

204 (3394) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എഡ് (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) എം.പി.എഡ് (മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) ബിരുദധാരികളെ കായികാദ്ധ്യാപകരായി നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ & ബി) കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച എം.പി.എഡ്./ബി.പി.എഡ്. ബിരുദധാരികൾക്ക് എയിഡഡ് സ്കൂളുകളിൽ 1999-2000 വരെ നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ ആ നിയമനം അംഗീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly